## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2944 — 13.07.2015-ൽ മറുപടിക്ക്

### സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 9 തീരദേശജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിന് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് 20.11.12 ലെ സ.ഉ.(സാധ) നം. 722/14/മത്സ്യ. നം. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രത്യേക ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രത്യേക ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം, മര്യനാട്, കൊല്ലം ജില്ലയിൽ നീണ്ടകര, തങ്കശ്ശേരി, ആലപ്പുഴ ജില്ലയിൽ അർത്തുങ്കൽ, വളഞ്ഞവഴി, എറണാകുളം ജില്ലയിൽ തോപ്പുംപടി, തൃശ്ശൂർ ജില്ലയിൽ അഴീക്കോട്, മലപ്പുറം ജില്ലയിൽ ഉണ്ണിയാൽ, പൊന്നാനി, കോഴിക്കോട് ജില്ലയിൽ പുതിയാപ്പ, കണ്ണൂർ ജില്ലയിൽ മാപ്പിളബേ ഫിഷിംഗ് ഹാർബർ, കാസർഗോഡ് ജില്ലയിൽ കസബ ഐസ് പ്ലാന്റിന് സമീപവുമാണ് മണ്ണെണ്ണ ബങ്കുകൾ (13 എണ്ണം) സ്ഥാപിക്കുന്നതിനു വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ